ഇതു കൂടാതെ സ്പെഷ്യൽ ഗ്രേഡ് ലൈബ്രറികളായ ജില്ലാ ലൈബ്രറികൾക്ക് (കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ) 20,000 രൂപ വാർഷിക ഗ്രാന്റ് നല്കി വരുന്നു.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) പുതുതായി തുടങ്ങുന്ന ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനും ഗ്രഡേഷനും ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റിന് അർഹരാണ്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ സബ്സെന്റർ പട്ടാമ്പിയിൽ ആരംഭിക്കുവാൻ നടപടി

93 [1464] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ ഒരു സബ് സെന്റർ പട്ടാമ്പിയിൽ ആരംഭിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് സെന്റർ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

സർക്കാർ വെബ്സൈറ്റ്

94 [1465] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്നാണ് വെബ്സൈറ്റ് രൂപീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ; വെബ്സൈറ്റ് രൂപീകരിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വെബ്സൈറ്റിൽ സർക്കാർ ഉത്തരവുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര സർക്കാർ ഉത്തരവുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(സി) വെബ്സൈറ്റിൽ സർക്കാർ ഉത്തരവുകളും മറ്റു വിവരങ്ങളും യഥാസമയം പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സർക്കാർ www.kerala.gov.in എന്ന പേരിൽ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. വെബ്സൈറ്റ് 21-11-2002-ന് ഔപചാരികമായി നിലവിൽ വന്നു. ജനങ്ങൾക്ക് സർക്കാർ സംബന്ധമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുക, നയപരമായ കാര്യങ്ങൾ പരസ്യപ്പെടുത്തുക, ഭരണസുതാര്യത ഉറപ്പു വരുത്തുക, പദ്ധതികൾ, ക്ഷേമപരിപാടികൾ തുടങ്ങിയവയെക്കുറിച്ച് വിവരം നൽകുക, പരീക്ഷാ ഫലങ്ങൾ അപേക്ഷാ ഫാറങ്ങൾ മുതലായവ ലഭ്യമാക്കുക, മന്ത്രിമാർ, വകുപ്പധ്യക്ഷന്മാർ തുടങ്ങിയവരെ ഇ-മെയിലിലൂടെ ബന്ധപ്പെടാനും പരാതി സമർപ്പിക്കാനും അവസരമൊരുക്കുക, സർക്കാരുത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക തുടങ്ങി ജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനാണ് വെബ്സൈറ്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സർക്കാർ ഉത്തരവുകൾ പ്രസിദ്ധപ്പെടുത്താറുണ്ട്. 29-1-2004 വരെ 288 സർക്കാർ ഉത്തരവുകൾ സൈറ്റിൽ കൊടുത്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവാസി മലയാളികളെക്കുറിച്ചുള്ള വിവരങ്ങൾ

95 [1466] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളെ സംബന്ധിക്കുന്ന എന്തൊക്കെ വിവരങ്ങളാണ് നോർക്ക വകുപ്പിന്റെയും റൂട്ട്സ്-എൻ. ആർ. കെ. എന്ന സ്ഥാപനത്തിന്റെയും കൈവശമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളെ സംബന്ധിക്കുന്ന വിപുലമായൊരു ഡാറ്റാ ബേയ്സ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിദേശമലയാളികളെയും മറുനാടൻ മലയാളികളെയും സംബന്ധിക്കുന്ന വിശദമായ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുകയാണ്. പ്രസ്തുത ഡാറ്റാബാങ്ക് പൂർത്തിയാകുന്നതോടെ പ്രവാസി മലയാളികളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ വകുപ്പിൽ ലഭ്യമാകുന്നതാണ്.

(ബി) വിദേശമലയാളികളുടേയും, മറുനാടൻ മലയാളികളുടേയും ക്ഷേമത്തിനും പുനരധിവാസത്തിനും പര്യാപ്തമാകുന്ന രീതിയിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഡാറ്റാ ബാങ്കിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി വിശദപദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുന്നോടിയായി ചെങ്ങന്നൂർ, വയനാട് എന്നീ സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly